നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലങ്ങൾ

59 [1469] ശ്രീ. ഷിബു ബേബിജോൺ:

" ജോണി നെല്ലൂർ:

" എ. എൻ. രാജൻ ബാബു:

" ഉമേഷ് ചള്ളിയിൽ:

" കെ. കെ. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പാലങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്;

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പാലങ്ങൾ എത്രയെണ്ണമാണ്;

(സി) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പാലങ്ങൾ പുതിയതായി നിർമ്മിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഡി) ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 69 എണ്ണം.

(ബി) 85 എണ്ണം.

(സി) 234 പാലങ്ങൾ. (217+14+3)

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

നബാർഡിന്റെ സഹായത്താൽ പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി

60 [1470] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. സി. റോഡിലെ കാലടി ശ്രീ. ശങ്കരാ പാലം, വല്ലം-പാറണംകുടി റോഡിലെ പുഞ്ചക്കുടി പാലം എന്നിവ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലങ്ങളുടെ പുനർനിർമ്മാണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സുപ്രധാന റോഡുകളിലെ ഏറ്റവും ഗതാഗത തിരക്കേറിയ പാലങ്ങൾ എന്ന പ്രത്യേക പരിഗണന നൽകി നബാർഡിന്റെ ധനസഹായം ലഭ്യമാക്കി സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ശ്രീശങ്കരാചാര്യ ലോകബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുഞ്ചക്കുടി പാലം നബാർഡ് സഹായം ലഭ്യമാക്കി പുനർനിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു.

നബാർഡിന്റെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് പണികൾ

61 [1471] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിൽ റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി നബാർഡിന്റെ ധനസഹായമായി എന്തുതുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ നബാർഡിന്റെ ധനസഹായത്തോടെ ഏറ്റെടുത്ത പൊതുമരാമത്ത് പണികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) 2004-2005 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് പണികൾ സംബന്ധിച്ച ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2002-2003 ആർ. ഐ. ഡി. എഫ്. VIII

പാലങ്ങൾ—69.80 കോടി രൂപ

റോഡുകൾ—69.62 കോടി രൂപ

2003-2004 (ആർ. ഐ. ഡി. എഫ്. IX)

പാലങ്ങൾ—15.73 കോടി രൂപ

റോഡുകൾ—2.44 കോടി രൂപ

(ബി) ഏറ്റെടുത്ത പണികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

†വൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly